**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഇ - പോസ് മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri P. Thilothaman**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ പൊതുവിതരണ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിനായി ഇ-ടെണ്ടർ വിളിക്കുകയും പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്ത് വെയിംഗ് സ്കെയിൽ മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് എന്തെങ്കിലും ഫണ്ട് മാറ്റിവെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫണ്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഏതെങ്കിലും ഏജൻസികളെ എൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ മാനദണ്ഡം അനുസരിച്ച് ഇ - പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിച്ച് അളവ് കൃത്യമായി പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | വെയിംഗ് സ്കെയിൽ മെഷീൻ വാങ്ങുന്നതിനായി റീ-ടെണ്ടർ വിളിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി കൂടുകയും അടിയന്തിരമായി റീ-ടെണ്ടർ ചെയ്ത് വെയിംഗ് സ്കെയിൽ മെഷീനുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ